"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിങ് വിഭാഗം - മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി രമ്യ ജെ.എം.- അച്ചടക്ക നടപടിയിലെ ഉത്തരവിന്മേൽ സമർപ്പിച്ച റിവ്യൂ ഹർജി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.823/2026/LSGD തീയതി,തിരുവനന്തപുരം, 25-03-2026

പരാമർശം:-

1. വിജിലൻസ്(D) വകുപ്പിൽ നിന്നുള്ള D4/89/2024/വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 13.03.2024- E10-(SC-92/2023/EKM) 52356/2023/DVACB നമ്പർ കത്തും അനുബന്ധരേഖകളും
3. 06-10-2025-ലെ സ.ഉ.(സാധാ) നം.2434/2025/LSGD.
4. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി രമ്യ ജെ.എം (PEN:613705) സമർപ്പിച്ച 31.12.2025-ലെ റിവ്യൂ ഹർജി.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02-02-2026-ലെ LSGD/PD/26227/2024-VIGC2 നമ്പർ കത്ത്.

**ഉത്തരവ്**

Operation Blue Print-ന്റെ ഭാഗമായി മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ഒന്നാമത്തെ ക്രമക്കേടിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് പരിശോധനക്കും, അംഗീകാരത്തിനുമായി അയച്ച പുറംചട്ടയിൽ " Take a Break K.P. Benny, 192/22, Agmt Date 22/3/22" എന്ന് രേഖപ്പെടുത്തിയ ഓദ്യോഗിക ഫയലും, രണ്ട് എം.ബുക്കുകളും ( No.109/AEE/21-22, No. 112/AEE/21-22) ഒരു സ്വകാര്യ വ്യക്തി വശം, മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗിലേക്ക് കൊടുത്ത് വിടാൻ ഉണ്ടായ സാഹചര്യത്തെ കുറിച്ച് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി രമ്യ ജെ.എം. എന്നയാളിൽ നിന്ന് വിശദീകരണം വാങ്ങി ടിയാൾക്കെതിരെ വകുപ്പുതലനടപടി സ്വീകരിക്കുക എന്ന പരാമർശം 1, 2-ലെ വിജിലൻസ് ശിപാർശയിൽ ടി ഔദ്യോഗിക രേഖകൾ ബേസിൽ പോൾ, വയസ് 30/23, S/o K.P. രാജു, കാവനാൽ ഹൗസ്, പുത്തൻകുരിശ് എന്ന് പേരുള്ള സ്വകാര്യ വ്യക്തി വശം ഗ്രാമ പഞ്ചായത്തിലെ

എഞ്ചിനീയറിംഗ് വിംഗിലേക്ക് കൊടുത്ത് അയച്ച കുറ്റത്തിന്റെ പേരിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി രമ്യ ജെ.എം.- നെതിരെ KCS (CC&A) Rule 16 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് ഉത്തരവാദിയാണെന്ന് ബോധ്യപ്പെട്ട് ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ താത്ക്കാലികമായി തടയുക എന്ന ശിക്ഷ നല്കി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. പ്രസ്തുത നടപടി Rule 35 KCS (CC&A) Rules 1960 പ്രകാരം പുന:പരിശോധിയ്ക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (4) ഹർജി സമർപ്പിയ്ക്കുകയുണ്ടായി.

പുന:പരിശോധന ഹർജിയിൽ, വിജിലൻസ് പരിശോധനയിൽ കണ്ട ഫയലും m-ബുക്കുകളും അസി.എഞ്ചിനിയറുടെ ഒപ്പ് രേഖപ്പെടുത്തുന്നതിനായി മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗ് ഓഫീസിൽ കൊണ്ട് വന്നതാകാമെന്ന് വിജിലൻസ് ഉദ്യോഗസ്ഥർ പറഞ്ഞതനുസരിച്ചാണ് പ്രതിവാദ പത്രികയിൽ അപ്രകാരം ബോധിപ്പിച്ചിട്ടുള്ളതെന്നും വിജിലൻസ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് അസി. എഞ്ചിനിയറുടെയോ സ്വകാര്യ വ്യക്തിയുടെയോ മൊഴി രേഖപ്പെടുത്തിയതായി കാണുന്നില്ലയെന്നും സ്വകാര്യവ്യക്തി ഇപ്രകാരം പറഞ്ഞു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നതെന്നും അതിനാൽ ഇത് സംബന്ധിച്ച വസ്തുത തനിയ്ക്ക് ബോധ്യപ്പെടാൻ കഴിയുന്നില്ലയെന്നും അച്ചടക്കനടപടി പ്രൊമോഷനെ ബാധിച്ചിട്ടുള്ളതിനാൽ ഹർജി അനുഭാവപൂർവ്വം പരിഗണിയ്ക്കണമെന്നും മറ്റും ടിയാൾ അഭ്യർത്ഥിച്ചു.

പ്രസ്തുത റിവ്യൂ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി രമ്യ ജെ.എം-നെതിരെ Rule 16 KCS (CC&A) Rules 1960 പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി ചട്ട പ്രകാരം ബാധകമായ എല്ലാ നടപടിക്രമങ്ങളും പാലിച്ച ശേഷം, ടിയാൾക്കെതിരെയുള്ള ആരോപണം ബോധ്യപ്പെട്ടതിനാലാണ് ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ലഘുശിക്ഷ നല്കി അച്ചടക്കനടപടി തീർപ്പാക്കി പരാമർശ ഉത്തരവ് പുറപ്പെടുവിച്ചത്. ടിയാൾക്കെതിരെ ചുമത്തിയ ശിക്ഷ പുനഃപരിശോധിക്കുന്നതിന് റിവ്യൂ ഹർജിയിൽ പുതിയ കാരണങ്ങളോ പുതിയ വാദങ്ങളൊ ഒന്നും ഉന്നയിയ്ക്കപ്പെട്ടിട്ടില്ല. ടിയാൾ ഓഫീസ് മേധാവിയായിരിക്കെ, ടിയാളുടെയോ മററ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെയോ അനുവാദമില്ലാതെ ഒരു സ്വകാര്യ വ്യക്തി സർക്കാർ രേഖകൾ പ്രസ്തുത ഓഫീസിൽ നിന്നും എടുത്തുകൊണ്ടുപോയി എന്ന ടിയാളുടെ വാദം അംഗീകരിക്കാനാവില്ലെന്ന കാരണത്താലാണ് ടിയാൾക്ക് അച്ചടക്കനടപടിയിൽ ലഘുശിക്ഷ നൽകിയിട്ടുള്ളത്. ഫയലുകളും മറ്റു രേഖകളും കൈമാറുന്നതിന് നിയതമായ നിയമങ്ങളും സംവിധാനങ്ങളും ഉണ്ടായിരിക്കെ അപ്രകാരമല്ലാതെ ടിയാളുടെ ഓഫീസുമായി ബന്ധപ്പെട്ട സർക്കാർ രേഖകൾ സ്വകാര്യ വ്യക്തിയുടെ കൈവശം വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതിൽ, ടിയാളുടെ ഭാഗത്തുനിന്നും ഗുരുതര വീഴ്ചയുണ്ടായിട്ടുണ്ട്. ശിക്ഷ നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ പ്രധാന നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ പരിശോധിയ്ക്കുമ്പോൾ, ഈ കേസിൽ എടുത്ത തീരുമാനം പുനഃപരിശോധിക്കുവാൻ തക്കതായ കാരണങ്ങളൊന്നും പുന:പരിശോധന ഹർജിയിൽ ഉന്നയിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി രമ്യ ജെ.എം.-നെതിരായ

അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ടുള്ള പരാമർശം 3 ഉത്തരവിനെതിരായി ടിയാൾ സമർപ്പിച്ച Rule 35 KCS (CC&A) Rules 1960 പ്രകാരമുള്ള പരാമർശം 4 റിവ്യൂ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി രമ്യ ജെ.എം (PEN : 613705) , അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSRRDA **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.**(ഈ ഉത്തരവു പ്രകാരമുള്ള തുടർനടപടിയ്ക്കായി)**
3. **വിജിലൻസ് ഡയറക്ടർ**
4. **വിജിലൻസ് (ഡി) വകുപ്പ്**
5. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ് **(DPC list സംബന്ധിച്ച നടപടിയ്ക്കായി)**
6. വെബ്& ന്യൂ മീഡിയ, I & PR വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 26-03-2026 11:08:36

സെക്ഷൻ ഓഫീസർ